# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2952 19.06.2014 - ൽ മറുപടിക്ക്

## കുത്താമ്പുള്ളി പാലം നിർമ്മാണത്തിന് ഭരണാനുമതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) & (ബി) | നബാർഡ് സഹായത്തോടെ പാലം നിർമ്മിക്കുന്നതിന് 07.07.2011 - ലെ സ. ഉ (സാധാ) നമ്പർ 900/11/പൊ.മ.വ പ്രകാരം 747 ലക്ഷം രൂപയുടെ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനുവേണ്ടി സ്വകാര്യ ഭൂമി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നോ ;<br>(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) & (ഡി) | സ്വീകരിച്ചിരുന്നു.<br>ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4 (1) നോട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചു വരികയാണ്. |

| | | |
|---|---|---|
| (ഇ) | ഇപ്പോൾ പാലം നിർമ്മാണത്തിനുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ഇ), (എഫ്) & (ജി) ഒരു സ്ഥലമുടമ ഒഴികെ ബാക്കിയുള്ളവർ മുൻകൂർ സ്ഥലം വിട്ടുതരാൻ വേണ്ട സമ്മത പത്രം നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാക്കിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | കുത്താമ്പുള്ളി പാലം നിർമ്മാണത്തിന് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണ നടപടികളാരംഭിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നടത്തിയ അവലോകനയോഗത്തിൽ ഉറപ്പ് നൽകിയിരുന്നതായി അറിയുമോ ; | |
| (ജി) | എങ്കിൽ ആയതിലേക്ക് പൊതു - മരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ